# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1944
06-02-2019-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക**

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്ജ് | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് 1.7.18 മുതൽ 31.12.2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആകെ ലഭിച്ച തുക എത്ര; വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവർ സംഭാവന ആയി നൽകിയ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | 01.07.2018 മുതൽ 31.12.2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 3023.73 കോടി രൂപ ലഭ്യമായിട്ടുണ്ട്. സംഭാവന നൽകിയ തുകയുടെ ഇനംതിരിച്ചുള്ള കണക്കുകൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. |
| ബി) പ്രസ്തുത കാലയളവിൽ ലഭിച്ച തുക ഏതൊക്കെ വകയിലാണ് ചെലവഴിച്ചിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അടിയന്തിര ധനസഹായമായി 971.42 കോടി രൂപയും ചികിത്സാധനസഹായമായി 7 ലക്ഷം രൂപയും, വീടുകൾക്ക നാശനഷ്ടം സംഭവിച്ചതിനുള്ള നഷ്ടപരിഹാരമായി 887.70 കോടി രൂപയും സഹകരണ വകുപ്പിന്റെ 'കെയർ ഹോം' പദ്ധതിയ്ക്കായി 44,98,12,02/-രൂപയും (44.98 കോടി രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. |
| സി) പ്രളയദുരിതാശ്വാസ ഫണ്ട് ശേഖരണത്തിനായി പരസ്യങ്ങൾക്കും മറ്റുമായി ചെലവഴിച്ച തുകയുടെ കണക്കുകൾ വിശദമാക്കാമോ; | പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് ഫണ്ട് ശേഖരണത്തിനായി 'Rebuild Kerala' എന്ന പേരിൽ അച്ചടിച്ച ബ്രോഷറിന്റെ ഡിസൈൻ ചാർജ്ജിനത്തിൽ 6,000/- രൂപ ചെലവായിട്ടുണ്ട്. |

| | |
|---|---|
| ഡി)ശബരിമല വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനവ്യാപകമായും പ്രാദേശികമായും എത്ര ഹർത്താലുകൾ നടന്നിട്ടുണ്ട്; വിശദമായ കണക്കുകൾ ലഭ്യമാക്കാമോ? | ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ആകെ 7 ഹർത്താലുകൾ നടന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന വ്യാപകമായി 5 ഉം ജില്ലാ തലത്തിൽ 2 ഹർത്താലുകളുമാണ് നടന്നിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**